**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5699** | **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയ്ക്കായുള്ള വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തോടനുബന്ധിച്ച് മത്സ്യമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് ആയിരത്തി എൺപത്തിയാറ് കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിനു ശേഷം 1086 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും നാശനഷ്ടം സംഭവിച്ചവരുടെയും കുടുംബങ്ങൾക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് നാളിതുവരെ നൽകിയതെന്ന് വ്യക്തമാക്കാമോ? | (ബി) | ഓഖി ദുരന്തത്തിൽ മരണമടഞ്ഞതും കാണാതായതും ആയ 143 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം സംസ്ഥാന ധനസഹായമായി നൽകുകയും ടി ദുരന്തത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചവയിൽ ലൈസൻസും രജിസ്ട്രേഷനും ഇല്ലാത്ത യാനങ്ങളേയും കൂടി ഉൾപ്പെടുത്തി 6 ഘട്ടങ്ങളിലായി 481 പേർക്ക് 7.13 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെ ട്ടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19–ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.075 ലക്ഷം രൂപയും, 2019-20 ൽ 152 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 55 ലക്ഷം രൂപയും 2020-21 -ൽ 131 വിദ്യാർത്ഥികൾക്ക് 45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ പൂർണ്ണമായും വീട് |

| | | | |
|---|---|---|---|
| | | | നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്തു ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴി ലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവനനിർമ്മാണ ത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ അനുവദിച്ചു. 6 പേരിൽ 2 പേർ ഭവനനിർമ്മാണം പൂർത്തികരിച്ചു. 32 പേരിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും അതിൽ 11 പേർ ഭവനനിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഓഖിയിൽ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 FRP ബോട്ട് വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. 93 ബോട്ടുകൾ വിതരണം ചെയ്തു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള ഫാക്ടറിയിൽ ജോലി നൽകി. 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ